# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1696 — 03.10.2011-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ.ആർ.രാജേഷ്

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### നൂറ്ദിന കർമ്മ പരിപാടി

| | | |
|---|---|---|
| (എ) | പഞ്ചവത്സര പദ്ധതിയുടെയും, വാർഷിക ബഡ്ജറ്റിലെ നിർദ്ദേശങ്ങളുടെയും ഭാഗമായിട്ടുള്ളതല്ലാതെ നൂറ് ദിന പരിപാടിയെന്നും മറ്റുമുള്ള പേരുകളിൽ സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികളുടെയും പരിപാടികളുടെയും ആസൂത്രണം നടക്കുന്നതെവിടെയാണെന്ന് വ്യക്തമാക്കാമോ; | സർക്കാർ എടുക്കുന്ന നയപരമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യപ്പെടുന്ന ഇത്തരം പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾ വഴിയാണ് നടപ്പിലാക്കുന്നത്. |
| (ബി) | ഇപ്പോൾ പ്രഖ്യാപിച്ച നൂറ് ദിന കർമ്മ പദ്ധതികൾ പ്ളാനിംഗ് ബോർഡ് പരിഗണിച്ചിട്ടുള്ളതാണോ; ആയതിനുള്ള തുക കണ്ടെത്തിയത് എപ്രകാരമായിരുന്നു; | നൂറുദിന കർമ്മ പരിപാടിയിൽ പദ്ധതിയിനത്തിൽ വരുന്നവ പ്ളാനിംഗ് ബോർഡ് പരിഗണിച്ചിട്ടുള്ളവയാണ്. സ്കീമുകളുടെ ചെലവുകൾ മുൻഗണനാക്രമത്തിൽ ക്രമീകരിച്ചും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കിയും കൂടുതൽ കേന്ദ്രവിഹിതം ലഭ്യമാക്കിയും ഇതിനുവേണ്ടിയുള്ള ഫണ്ട് കണ്ടെത്തുന്നതാണ്. |
| സി | ഇത്തരത്തിൽ ബഡ്ജറ്റിനു പുറത്ത് പ്രഖ്യാപിച്ച് നടത്തുന്ന പദ്ധതികൾക്ക് ഫണ്ട് കണ്ടെത്തുന്നത് എപ്രകാരമാണ്; | |
| ഡി. | ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ മറ്റ് പേരുകളിൽ പുതുതായി പ്രഖ്യാപിക്കുന്ന രീതി നിയമാനുസൃതമാണോ? | സാധാരണയായി ബഡ്ജറ്റ് നിർദ്ദേശങ്ങൾ പുതിയ പേരുകളിൽ പ്രഖ്യാപിക്കാറില്ല. എന്നാൽ അവ വേഗത്തിലും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ മാത്രമേ ലക്ഷ്യമിട്ടിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ